**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480** **30-01-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം എത്രയെന്നും ആയതിലേക്ക് പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും വിശദമാക്കാമോ? | (എ) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. പെൻഷൻ ഡാറ്റാ ബേസിൽ ഉൾപ്പെട്ട എല്ലാവർക്കും മറ്റ് നിബന്ധനകൾ പാലിക്കുകയാണെങ്കിൽ പെൻഷൻ നൽകുന്നതാണ്. പ്രതിവർഷം ശരാശരി 10800 കോടി രൂപയോളം പെൻഷൻ നൽകുന്നതിന് ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ